പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 4317 | 17. 05.2017 ൽ മറുപടി നല്കേണ്ടത്. |

## വിഷാദ രോഗികളുടെ എണ്ണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വിഷാദ രോഗികളുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലോകാ രോഗ്യ സംഘടനാ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിൽ എത്ര; അത് കേരളത്തിൽ എത്ര; വ്യക്തമാക്കുമോ; | എ) | ഉണ്ട്. ഇന്ത്യയിലും കേരളത്തിലുമായി വിഷാദരോഗികളുടെ പ്രത്യേക കണക്കുകൾ ലോകാരോഗ്യസംഘടന ലഭ്യമാക്കിയിട്ടില്ല. സമൂഹത്തിൽ 5- 10 % വരെ ജനങ്ങൾക്ക് വിഷാദരോഗം ഉണ്ടെന്ന കണക്കുകൾ ലോകാരോഗ്യസംഘടന നൽകിയിട്ടുണ്ട്. |
| ബി) | ഇതുമൂലം വ്യക്തി -കുടുംബപരമായ പ്രശ്നങ്ങൾ, തൊഴിൽ പരമായ അപകടങ്ങളും പ്രശ്നങ്ങളും അനുബന്ധ അസുഖങ്ങളും ആത്മഹത്യകളും കൂടി വരുന്നത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) | ഒ.പിയിൽ വരുന്ന രോഗികളുടെ അവസ്ഥകളിൽ നിന്ന് വിഷാദരോഗം കൂടുത ലാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ വ്യക്തമായ കണക്കുകൾ ഇല്ലാത്ത തിനാൽ ഇതിനുവേണ്ടിയുള്ള വിശദമായ പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇതു മൂലം അകാരണ സങ്കടം, ഇഷ്ടമുള്ളവയിൽപോലും താൽപര്യമില്ലായ്മ, ക്ഷീണം, തളർച്ച തുടങ്ങി ആത്മഹത്യ വരെയും, മറുഭാഗത്ത് കൊലപാതകങ്ങൾ നടത്തുവാനുള്ള പ്രവണതകളും ഇവർ കാഴ്ചവെയ്ക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) | സങ്കടം, താല്പര്യമില്ലായ്മ, ക്ഷീണം, തളർച്ച, ഉറക്കകുറവ്, വിശപ്പില്ലായ്മ, ശ്രദ്ധക്കുറവ്, എന്നിവ വിഷാദരോഗത്തിന്റെ ലക്ഷണ ങ്ങളാണ്. ആത്മഹത്യകളിൽ നല്ലൊരു ശതമാനത്തിനും കാരണം വിഷാദരോഗമാണ്. കൊലപാതക ത്തിനുള്ള പ്രവണത വിഷാദരോഗത്തിൽ സാധാരണ കാണാറില്ല. |

| | | | |
|---|---|---|---|
| ഡി) | ഇത്തരം രോഗികൾക്ക് മരുന്നും ചികിത്സയും ആശ്രയവും നൽകുവാനായി ആരോഗ്യ വകുപ്പ് എന്തു നടപടി സ്വീകരിച്ചുവരുന്നു എന്നും കഴിഞ്ഞ 5 വർഷമായി എത്ര രോഗികൾക്ക് ( ഓരോ വർഷവും) വകുപ്പ് ചികിത്സാ സഹായം നൽകി വരുന്നു എന്നും വ്യക്തമാക്കുമോ? | | ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) വഴി എല്ലാ ജില്ലയിലും വിഷാദരോഗം ഉൾപ്പെടെയുള്ള മാനസിക രോഗങ്ങൾ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ചികിത്സിച്ചു വരുന്നു. ഇതിനു പുറമെ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 170 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 'ആശ്വാസം' എന്ന പദ്ധതി വിഷാദരോഗചികിത്സയ്ക്കായി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഈ കേന്ദ്ര ങ്ങളിലെ ഡോക്ടർ, നഴ്സ്, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. വിഷാദരോഗികൾക്കായി ആരോഗ്യവകുപ്പ് സൗജന്യമായി ചികിത്സയും മരുന്നുകളും ലഭ്യമാക്കുന്നുണ്ട്. എന്നാൽ വിഷാദരോഗത്തിന് ആരോഗ്യവകുപ്പ് ചികി ത്സാധനസഹായം നൽകിവരുന്നില്ല |

സെക്ഷൻ ഓഫീസർ